# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**<u>എച്ച് ആർ എം പി നമ്പർ : 4700/11/12/2024/റ്റി വി എം.</u>**

ഹർജിക്കാരൻ : എസ് .ഷാജി, അക്ഷര, വഞ്ചിയൂർ പി ഓ, 695102
ആലംകോട്, ആറ്റിങ്ങൽ.

എതിർകക്ഷി :

**<u>ഉത്തരവ് തീയതി : 06-03-2025</u>.**

കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും കാറ്റിൽ പറത്തിക്കൊണ്ട് കരവാരം ഗ്രാമപഞ്ചായത്ത് വക വഞ്ചിയൂർ പബ്ലിക് മാർക്കറ്റിൽ അനധികൃത സ്ലോട്ടർ ഹൗസ് നിർമ്മാണം നടത്തുന്നു എന്നാണ് ഈ പരാതിയുടെ ചുരുക്കം.

2. കരവാരം ഗ്രാമപഞ്ചായത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ 'ആധുനിക അറവുശാല നിർമ്മാണം' എന്ന പദ്ധതിയെ തുടർന്ന് നിലവിലുണ്ടായിരുന്ന അറവുശാലയെ ആധുനിക അറവുശാലയാക്കി മാറ്റുന്നതിനും സർക്കാർ വകയിരുത്തിയ അഡീഷണൽ പ്ലാൻ അസിസ്റ്റൻറ് ഫണ്ട് ഉപയോഗിച്ചാണ് ജില്ലാ പഞ്ചായത്ത് പദ്ധതി നിർവഹണം നടത്തുന്നതിനും തീരുമാനിച്ചതെന്നുമാണ് കരവാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 17/8/2024 ൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

3. 8..11..2024 ൽ കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ രേഖാമൂലം ആക്ഷേപം സമർപ്പിച്ചു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് റിപ്പോർട്ട് നൽകാൻ 8.11.2024 ലെ ഇടക്കാല ഉത്തരവിൽ നിർദ്ദേശിച്ചു കൊണ്ട് കമ്മീഷൻ കേസ് ഇന്നത്തേക്ക് മാറ്റി.

4. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം ലഭ്യമായിട്ടില്ലെന്ന് കരവാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനാലും പ്രസ്തുത കെട്ടിടം നിലനിൽക്കുന്ന സ്ഥലം ഡാറ്റാ ബാങ്കിൽ നിലമാണെന്ന് കണ്ടെത്തിയതിനാലും സ്ലോട്ടർ ഹൗസ് കെട്ടിടം ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നാണ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി 13..1..2025 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞു കാണുന്നത്.

5. ഇന്ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായ ഹർജിക്കാരൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിനെതിരെ 6..3..2025 തീയതിയിലെ രേഖാമൂലം ആക്ഷേപം സമർപ്പിച്ചു. പരാതിയിൽ പറയുന്ന സ്ലോട്ടർ ഹൗസ് പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് റിപ്പോർട്ട് വെളിവാക്കുന്നു. സ്ലോട്ടർ ഹൗസ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നിരാക്ഷേപപത്രം മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടില്ലെന്നും കാണാം. സ്ലോട്ടർ ഹൗസ് പ്രവർത്തിപ്പിക്കുന്നതിന് നിരാക്ഷേപത്രം കൊടുക്കുന്നതിനു മുമ്പായി മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോൺമെൻറൽ എൻജിനീയർ ഹർജിക്കാരനും കരവാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും മറ്റ് ആരെയെങ്കിലും കേൾക്കണം എന്നുണ്ടെങ്കിൽ അവർക്കും മുൻകൂട്ടി നോട്ടീസ് കൊടുത്ത് പ്രസ്തുത സ്ഥലം പരിശോധിക്കുകയും കക്ഷികളെ എല്ലാം നേരിൽ കേൾക്കുകയും വേണം. മലിനീകരണം സംബന്ധിച്ച എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിച്ചു മാത്രമേ നിരാക്ഷേപ പത്രം കൊടുക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാവൂ എന്ന് എൻവയോൺമെൻറൽ എൻജിനീയറോട് നിർദ്ദേശിച്ചു കൊണ്ട് കമ്മീഷൻ ഈ പരാതി തീർപ്പാക്കുന്നു. ഹർജിക്കാരനും, കരവാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും, പരാതിയുടെ പകർപ്പ് സഹിതം മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം എൻവയോൺമെൻറൽ എൻജിനീയർക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

( ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)
രജിസ്ട്രാർ.